ഉത്തരം

(എ) വിവരം ശേഖരിച്ചുനൽകുന്നതാണ്.

(ബി) ഇത വരെ അനുവദിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തുകൾക്ക് വിട്ടുകിട്ടിയ സ്ഥാപനങ്ങൾ

255 (3462) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകൾക്ക് വിട്ടുകിട്ടിയ ആശുപത്രികൾ, സ്കൂളുകൾ, കൃഷിഭവൻ, മറ്റു സ്ഥാപനങ്ങൾ എന്നിവയുടെ ദൈനംദിന ചെലവുകൾ (സ്റ്റേഷനറി ഉൾപ്പെടെ) വഹിക്കുന്നതിനുള്ള ഫണ്ട് അനുവദിക്കുന്നതിന് തടസ്സമുണ്ടോ; ഇതിനായി പ്രത്യേക ഉത്തരവുണ്ടോ; എങ്കിൽ കോപ്പി നൽകുമോ;

(ബി) ഏതെല്ലാം സ്ഥാപനങ്ങളെയാണ് പ്രസ്തുത പട്ടികയിൽ ഉൾപ്പെടുത്തിയതെന്നും ഇവർക്ക് പരമാവധി ചെലവഴിക്കാവുന്ന ഫണ്ട് എത്രയെന്നും വിശദമാക്കുമോ?

ഉത്തരം

(എ&ബി) തടസ്സമില്ല. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 166-ാം വകുപ്പ് 1-ാം ഉപവകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അനിവാര്യചുമതലകളിൽ ഇക്കാര്യം വ്യക്തമാക്കുന്നുണ്ട്. ഇതിനായി പ്രത്യേക ഉത്തരവ് നിലവിലില്ല.

സ്ഥാപനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർത്തിരിക്കുന്നു:

1. കൃഷി ഭവനുകൾ
2. മൃഗാശുപത്രികൾ
3. സർക്കാർ പ്രീ-പ്രൈമറി സ്കൂളുകൾ, പ്രൈമറി സ്കൂളുകൾ
4. ഡിസ്പെൻസറികളും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും ഉപകേന്ദ്രങ്ങളും
5. അംഗൻവാടികൾ

ഇറവൂർ ഇന്ത്യൻ ബാങ്കിൽ നിന്നും നൽകിയ വായ്പകൾ

256 (3463) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിലെ ഇറവൂർ ഗ്രാമപഞ്ചായത്തിൽ കുടുംബശ്രീ മുഖാന്തിരം അനുവദിച്ച ലോണുകളിൽ ഇറവൂർ ഇന്ത്യൻ ബാങ്കിൽ നിന്നും നൽകിയ

LIBRARY ARCHIVES Kerala Legislative Assembly

18 പേരുടെ വായ്പകൾ മാത്രം എഴുതിതള്ളിയിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എന്തുകൊണ്ടാണ് ആ വായ്പകൾ എഴുതിതള്ളാത്തതെന്ന് വിശദമാക്കാമോ;

(ബി) അടിയന്തരമായി പ്രസ്തുത ലോണുകൾ എഴുതിതള്ളുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) അത്തൂർ മണ്ഡലത്തിലെ തുറവൂർ ഗ്രാമപഞ്ചായത്തിൽ കുടുംബശ്രീ മുഖാന്തരം അനുവദിച്ച വായ്പകളിൽ ഇന്ത്യൻ ബാങ്കിൽ നിന്നും വായ്പ എടുത്ത ഗുണഭോക്താക്കളുടെ വായ്പ എഴുതിത്തള്ളിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഭവനശ്രീ വായ്പ സർക്കാർ ഏറ്റെടുത്തതിന്റെ ഭാഗമായി ബാങ്കുകളിൽ നിന്നും കുടിശ്ശികയുടെ കണക്കുകൾ കുടുംബശ്രീ മിഷൻ എസ്.എൽ.ബി.സി. വഴി ശേഖരിച്ചിരുന്നു. ഇത്തരം വിവരങ്ങൾ ജില്ലാ മിഷൻ വഴി പരിശോധിക്കുകയും പരിശോധനയിൽ സി.ഡി.എസ്./മെമ്പർ സെക്രട്ടറി എന്നിവരുടെ സാക്ഷ്യ പത്രമില്ലാതെ ലഭിച്ച വായ്പകൾ ഭവനശ്രീ വായ്പയായി പരിഗണിച്ചിട്ടില്ലാത്തതുമാണ്.

(ബി) പ്രസ്തുത വായ്പകൾ സി.ഡി.എസ്. ചെയർപേഴ്സൺ/മെമ്പർ സെക്രട്ടറിയുടെ സാക്ഷ്യപത്രത്തോടുകൂടിയുള്ള ഭവനശ്രീ വായ്പയാണെങ്കിൽ ഇവ ഏറ്റെടുക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

എരമം-കുറ്റൂർ അംഗൻവാടി വർക്കറുടെ അവധി

257 (3464) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ എരമം-കുറ്റൂർ ഗ്രാമപഞ്ചായത്തിലെ അംഗൻവാടിയിൽ, അംഗൻവാടി വർക്കർ അവധിയിൽ പ്രവേശിച്ച മറ്റൊരു ജോലി ചെയ്യുന്നതുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് നൽകിയ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ&ബി) പരാതി ലഭിച്ചതിനെത്തുടർന്ന് സാമൂഹ്യനീതി ഡയറക്ടർ ഈ വിഷയത്തിൽ ശിശുവികസന പദ്ധതി ഓഫീസറുടെ റിപ്പോർട്ട് ആവശ്യപ്പെടുകയുണ്ടായി. പ്രസ്തുത റിപ്പോർട്ട് പ്രകാരം പ്രസ്തുത വർക്കർ രണ്ടുവർഷത്തെ ഹോണറേറിയമില്ലാത്ത അവധിയിൽ ആയിരുന്നുവെന്നും തുടർന്നും

LIBRARY ARCHIVES Kerala Legislative Assembly